

# ജൈവവൈവിധ്യ രജിസ്റ്റർ

**NMSM Govt. College Kalpetta**

# ജൈവവൈവിധ്യ രജിസ്റ്റർ

**NMSM GOVT. COLLEGE KALPETTA**

തയ്യാറാക്കിയത്: ജൈവവൈവിധ്യ ക്ലബ്ബ്

സഹായം: കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

സലിം പിച്ചൻ, കൽപറ്റ

SBI കൈനാട്ടി, കൽപ്പറ്റ

# സസ്യ വൈവിധ്യം

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 1. | ഇഞ്ച | *Acacia caesia* (L.) Willd., Sp. Pl. | തോൽ സോപ്പിനു പകരം ഉപ യോഗിക്കുന്നു. ചർമ്മ രോഗ ങ്ങൾക്ക് ശമനം നൽകുന്നു |
| 2. | ചീനിക്ക | *Acacia sinuata* (Lour.) Merr., Trans. | കുളിക്കാൻ സോപ്പിനുപകരം ചീനിക്കാപൊടി ഉപയോഗി ക്കുന്നു. |
| 3. | വൻകടലാടി | *Achyranthes aspera* L. | പല്ലുവേദനയ്ക്ക് കടലാടി വേര് ചതച്ച് പല്ലു തേക്കുക. |
| 4. | മലവിരിഞ്ഞി | *Actinodaphne malabarica* Balakr., Journ. Bombay Nat. Hist. Soc | അധികം വലുപ്പമില്ലാത്ത മരം നല്ല വിറക് |
| 5. | നെല്ലിത്താളി | *Aeschynomene indica* L. | പയർ വർഗ്ഗത്തിൽ പെടുന്ന കുറ്റിച്ചെടി |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 6. | കാട്ടപ്പ | *Ageratum conyzoides* L. | ശരീരത്തിൽ ചെറിയ മുറിവോ മറ്റോ പറ്റിയാൽ അപ്പ പറിച്ച് നീരെടുത്ത് ചുണ്ണാമ്പിൽ ചേർത്ത് വെച്ച് കെട്ടുക |
| 7. | വാക | *Albizia chinensis* (Osbeck) Merr.. | മരം തണലിന് നട്ടുവളർത്തുന്നു |
| 8. | കോളാമ്പി | *Allamanda cathartica* L. | കോളാമ്പിയുടെ ആകൃതിയിൽ കാണപ്പെടുന്ന ഈ പുഷ്പം അലങ്കാരത്തിനായി വീടുക ളിൽ നട്ടു വളർത്തുന്നു. |
| 9. | ഏഴിലം പാല | *Alstonia scholaris* (L.) R. | മരുന്നിന്റെ ആവശ്യത്തിനും തടി വിറകിനായും തീപ്പെട്ടി കമ്പിനായും ഉപയോഗിക്കു ന്നു. |
| 10. | ഏച്ചിൽ | *Aporosa cardiosperma* (Gaertn.) Merr., J. | പ്രസവിച്ച് കഴിഞ്ഞാൽ വെള്ളം തിളപ്പിക്കാൻ ഉപയോഗി ക്കുന്നു |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 11. | പ്ലാവ് | *Artocarpus heterophyllus* Lam. | പഴമായും പച്ചയ്ക്കും വേവിച്ചു കഴിക്കാം. വളർച്ചയുടെ തുടക്കത്തിലുള്ള ഇടിച്ചക്ക, മധ്യഘട്ടത്തിലുള്ള തറച്ചക്ക വളർച്ചപൂർത്തിയായ ചക്കപ്പുഴുക്ക് എന്നിവ സ്വാധി ഷ്ടമാണ് |
| 12. | ആഞ്ഞിലി | *Artocarpus hirsutus* Lam., Encycl. | തടി വീടുനിർമ്മാണത്തിന്, ശിഖരങ്ങൾ വിറകായി, ഫർണ്ണീച്ചർ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഇതിന്റെ ചക്ക ഭക്ഷ്യയോഗ്യമാണ് |
| 13. | മുള | *Bambusa arundinacea* (Retz.) Willd. | കാടിന്റെ ആവാസവ്യവസ്ഥ യുടെ പ്രധാനഭാഗമാണ് മുള |
| 14. | കണ്ടോരെകുത്തി | *Bidens pilosa L.* | ഉപ്പേരി വെക്കാം, കാലികൾ തിന്നാറുണ്ട് |
| 15. | ബോഗൺവില്ല | *Bougainvillea* SP | അലങ്കാരത്തിനായും വേലിയായും നട്ടുവളർത്തുന്നു |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 16. | കഞ്ഞിക്കൊട്ടം | *Briedelia stipularis* (L.) Blume, Bijdr. | പടരുന്ന ചെടി. തേല് ഔഷധമാണ്. കായ പഴുത്താൽ നിറയെ പക്ഷികൾ എത്താറുണ്ട് |
| 17. | പ്ലാശ് | *Butea monosperma* (Lam.) Taub. | ചമതയുടെ വേര് വൈറ്റ്‌വാഷ് ചെയ്യുന്നതിനുള്ള ബ്രഷായി ഉപയോഗിച്ചിരുന്നു. ഇലകൊഴിയും കാടുകളിൽ കാണപ്പെടുന്ന ഈ മരം നാട്ടിൻപുറങ്ങളിലും സാധാരണമായിരുന്നു. |
| 18. | കൂമുള്ള് | *Caesalpinia mimosoides* Lam. | തളിരില അരച്ച് നെറ്റിയിലിട്ടാൽ തലവേദന ശമിക്കും. |
| 19. | കാട്ടുതുവര | *Cajanus lineatus* (Wight & Arn.) van der Maesen, Agric. | പയർ വർഗ്ഗത്തിൽ പെടുന്ന കുറ്റിച്ചെടി |
| 20. | പൗഡർപഫ് | *Calliandra* sp | അലങ്കാരത്തിനായി നട്ടുവളർത്തുന്നു. നിറയെ തേൻകുരുവികൾ വരാറുണ്ട് |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
| --- | --- | --- | --- |
| 21. | ആനപ്പന | *Caryota urens* L., Sp. Pl. | ഇതിന്റെ ഇല ആനയ്ക്ക് ഭക്ഷണമായി ഉപയോഗിക്കുന്നു. |
| 22. | കറുക്ക | *Celtis tetrandra* Roxb., Fl. Ind. | ചെറിയ മരം. കായ പഴുത്താൽ നിറയെ പക്ഷികൾ എത്താറുണ്ട് |
| 23. | കുടകൻ | *Centella asiatica* (L.) Urban in Mart. | കഫക്കെട്ട്, മൂത്രശുദ്ധീകരണം എന്നിവയ്ക്ക് വെള്ളം തിളപ്പിച്ച് കുടിക്കുന്നു. ഇതിന്റെ ഇല പാലിൽ അരച്ച് കുടിച്ചാൽ ബുദ്ധിവർദ്ധിക്കും |
| 24. | കാട്ടുപയർ | *Centrosema molle* Benth. | പയർ വർഗ്ഗത്തിലുള്ള വള്ളിച്ചെടി കാലികൾ തിന്നാറുണ്ട് |
| 25. | | *Chassalia curviflora* (Wall. ex Kurz) Thw. | കുറ്റിച്ചെടി |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 26. | മല എലഞ്ഞി | *Chionanthus mala-elengi* (Dennst.) P. S. Green ssp. mala-elengi, Bull. | ഇടത്തരം കടുപ്പമുള്ള വേരും തടിയും. ഇടത്തരം വലുപ്പമുള്ള നിത്യഹരിത വൃക്ഷം |
| 27. | കമ്മ്യൂണിസ്റ്റ് പച്ച | *Chromolaena odorata* (L.) King & Robins. | ഇതൊരു വിദേശ കളച്ചെടിയാണ്. |
| 28. | കറുപ്പ | *Cinnaomum malabatrum* (Burm.f.) Blume | തൊലി വ്യാവസായിക ഉൽപന്നമാണ്. വിറകിന് ഉപയോഗിക്കുന്നു ഇതിന്റെ ഇല അപ്പം ഉണ്ടാക്കാൻ ഉപ യോഗിക്കുന്നു. |
| 29. | കൈപ്പരഞ്ഞി | *Cipadessa baccifera* (Roth) Miq., Ann. Mus. Lugd.-Bat. | ചെറിയ മരം. |
| 30. | വാതക്കൊടി | *Clematis gouriana* Roxb. ex DC., Syst. Nat. | ഇതിന്റെ തണ്ട് ചതച്ച് മൂക്കിൽ വലിച്ചാൽ തലവേദന കുറയും. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 31. | പെരുക് | *Clerodendrum infortunatum* L., Sp. Pl. | ചൊറിക്ക് വേണ്ടി ഇല കാച്ചി തേക്കുന്നു |
| 32. | കാട്ടുചേമ്പ് | *Colocasia esculenta* (L.) Schott in Schott & Endl. | താള് കറിവെയ്ക്കും, |
| 33. | ഇൻസുലിൻ ചെടി | *Costus pictus* D. | ഔഷധിയാണ്. |
| 34. | ചെറുകടലാടി | *Cyathula prostrata* (L.) Blume, Bijdr. | പ്രധാനചെടി, ഇല, തണ്ട്, മുത ലായവയാണ് ഔഷധയോഗ്യ മായ ഭാഗങ്ങൾ. |
| 35. | പാടവള്ളി | *Cyclea peltata* (Lam.) Hook. f. & Thoms., Fl. Ind | കന്നു കുട്ടികൾക്ക് വിരശല്ല്യത്തിന് മരുന്നാണ്. മുന്തിരിക്കുലപോലെ തൂങ്ങി കിടക്കുന്ന ചെറിയ കായ്കളുടെ കുലയുണ്ട്. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 36. | ഇഞ്ചിപ്പുല്ല് | *Cymbopogon flexuosus* (Nees ex Steud.) Wats. | ഇതുകൊണ്ട് തൈലം ഉണ്ടാക്കുന്നു. വേദനകൾക്ക് ഒരു നല്ല തൈലമാണ്. |
| 37. | | *Cynanchum callialatum* Ham. | വള്ളിച്ചെടി |
| 38. | കറുക | *Cynodon dactylon* (L.) Pers. | മുയലിന്റെ പ്രിയ ഭക്ഷണം, പൂജയ്ക്ക് എടുക്കുന്നു |
| 39. | കരിവീട്ടി | *Dalbergia latifolia* Roxb., Corom. Pl. | വളരെ വിലയേറിയ മരമാണ്. കാതലിന് നല്ല കറുപ്പ് നിറം |
| 40. | പൂമരം | *Delonix regia* (Boj. | തണൽ വൃക്ഷം. നിറയെ പൂക്കളുണ്ടാകും |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 41. | തണ്ടൻപുല്ല് | *Desmodium ferrugineum* Wall. | ഓഷധി |
| 42. | | *Desmodium triangulare* (Retz.) Merr. | ഓഷധി |
| 43. | നിലംപരണ്ട | *Desmodium triflorum* (L.) DC. | വയറുവേദനയ്ക്കും, വിരശല്യത്തിനും ഔഷധിയായി ഉപയോഗിക്കാം. വയറിളക്കത്തിന് മോരിൽ അരച്ച് ചേർത്ത് കഴിക്കാം |
| 44. | അടക്കാചൊക്കി | *Desmodium triquetrum* (L.) DC. | ഇതിന്റെ ഇല ചവക്കാൻ ഉപയോഗിക്കുന്നു |
| 45. | നൊകപ്പ | *Dioscorea bulbifera* L., | കാട്ടുകാച്ചിൽ വർഗ്ഗം |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 46. | കാട്ടുകാച്ചിൽ | *Dioscorea oppositifolia* L. | കാട്ടുകാച്ചിൽ വർഗ്ഗം |
| 47. | നൂറൻ | *Dioscorea pentaphylla* L., Sp. | ഭക്ഷ്യ യോഗ്യമായ പ്രധാന കാട്ടുകാച്ചിൽ വർഗ്ഗം, |
| 48. | നൂള | *Dioscorea tomentosa* Koenig ex Spreng. | ഭക്ഷ്യ യോഗ്യമായ കാട്ടുകാച്ചിൽ വർഗ്ഗം, കൊഴുപ്പുണ്ട് |
| 49. | നാര | *Dioscorea wallichii* Hook. | ഭക്ഷ്യ യോഗ്യമായ കാട്ടുകാച്ചിൽ വർഗ്ഗം, നാരും കൊഴുപ്പും ഉണ്ട്. ചുട്ടുകഴിക്കാനാണ് ഉത്തമം |
| 50. | കാട്ടമര | *Dolichos trilobus* L., Sp. | പയർ വർഗ്ഗ ചെടി |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 51. | | *Eleutheranthera ruderalis* (Sw.) Sch.-Bip. | ഓഷധിയാണ് |
| 52. | മുയൽചെവിയൻ | *Emilia sonchifolia* (L.) DC. | തൊണ്ട സംബന്ധമായ എല്ലാ രോഗങ്ങൾക്കും ഇത് ഉപയോ ഗിക്കുന്നു. തൊണ്ടവേദനയ്ക്ക് മുയൽചെവിയനും കുരുമുളകും പച്ചമഞ്ഞളും ചേർത്തരച്ച് പുരട്ടാം. |
| 53. | മുള്ളുമുരിക്ക് | *Erythrina suberosa Roxb.* | താങ്ങുകാൽ, കാലിത്തീറ്റ, ജൈവവളം എന്നിങ്ങനെ വള രെയധികം ഉപയോഗപ്പെടുന്ന മരമാണ്. |
| 54. | ചേല | *Ficus drupacea* Thunb. | ആൽ വർഗ്ഗം. പടർന്നു പന്തലിച്ച് നിറെയ പഴങ്ങളുണ്ടാകും |
| 55. | തേരകം | *Ficus exasperata* Vahl, Enum. | പശുവിന്റെ മറുപിള്ളപോകാൻ ഇതിന്റെ ഇല കൊടുക്കാം |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 56. | പാറകം | *Ficus hispida* L. | നെല്ലിലെ പുഴുവിനെ നശിപ്പി ക്കുന്നതിന് ഇല കമ്പോടുകൂടി അടിക്കുക |
| 57. | അത്തി | *Ficus racemosa* L., Sp. Pl. | ഇതിന്റെ കായ്കൾ പക്ഷികൾ, വവ്വാൽ എന്നിവ ഭക്ഷണമായി ഉപയോഗിക്കുന്നു |
| 58. | അരയാൽ | *Ficus religiosa* L. | ധാരാളം ഓക്സിജൻ നൽകു ന്നു.പകൽ സമയത്ത് ഇതിന്റെ ചുവട്ടിൽ വിശ്രമിച്ചാൽ ക്ഷീണം മാറും. |
| 59. | ശീമക്കൊന്ന | *Gliricidia sepium* (Jacq.) Kunth ex Walp. | പച്ചിലവളമായി, ജൈവവേലിയായി, കാലിത്തീറ്റയായി, താങ്ങുകാലാ യി, തടി ഫർണിച്ചർ ആവശ്യങ്ങൾക്ക് ഉത്തമമാണ്. |
| 60. | നീർവെട്ടി | *Glochidion zeylanicum* (Gaertn.) A. | ചെറുമരം, വിറകിനുപയോഗിക്കുന്നു. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 61. | പാണൽ | *Glycosmis pentaphylla* (Retz.) DC., Prodr. | ഇതിന്റെ ഇല വെള്ളത്തിലിട്ട് കുളിച്ചാൽ പ്രസവരക്ഷക്ക് നല്ലതാണ് |
| 62. | കുമിഴ് | *Gmelina arborea* Roxb., Pl. | പണ്ട് ഉരലും ഉലയും ഉണ്ടാക്കാൻ ഉപയോഗിച്ചിരുന്നു. വളത്തിനായി ഇതിന്റെ ഇല ഉപയോഗിച്ചിരുന്നു |
| 63. | സിൽവർ ഓക്ക് | *Grevillea robusta* Cunn. | വേഗം ചിതൽ പിടിക്കുന്ന മരമാണ്. ഫർണ്ണിച്ചറുണ്ടാക്കാൻ ഉപയോഗിക്കുന്നു |
| 64. | അമീ | *Grewia serrulata* DC. | മരമാണ് |
| 65. | ചടച്ചി | *Grewia tiliifolia* Vahl, Symb. | ഇതിന്റെ തടി ഫർണ്ണിച്ചർ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 66. | ചക്കരക്കൊല്ലി | *Gymnema sylvestre* (Retz.) R. | ഇതിന്റെ ഇല ചവച്ചരച്ചശേഷം പഞ്ചസാര വായിലിട്ടാൽ മധുരം അറിയില്ല. അതുകൊണ്ടാണ് ചക്കരക്കൊല്ലി എന്ന പേര് വന്നത്. |
| 67. | താർത്താവൽ | *Hedyotis sp* | ഓഷധിയാണ് |
| 68. | ഇടംപിരി വലംപിരി | *Helicteres isora* L., | ഇതിന്റെ തൊലിഉരിഞ്ഞ് കയറായി ഉപയോഗിക്കാം. ഇതിന്റെ കായ ഔഷധമാണ് |
| 69. | നന്നാറി | *Hemidesmus indicus* (L.) R. | നന്നാറിക്കിഴങ്ങ് നല്ല ഒരു ദാഹശമനിയാണ്. ആദ്യകാലങ്ങളിൽ സർബത്ത് ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നു. |
| 70. | പനിച്ചകം | *Hibiscus hispidissimus* Griff. | വള്ളിച്ചെടിയാണ് |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 71. | ദർഭപുല്ല് | *Imperata cylindrica* (L.) Raeusch.. | പൂജാകർമ്മങ്ങൾക്ക് ഉപയോഗിക്കുന്നു ബലി കർമ്മങ്ങളിൽ ഇതിന്റെ ഉപയോഗം നിർബന്ധമാണ് |
| 72. | | *Ipomoea cairica* (L.) Sweet, Hort. | വള്ളിച്ചെടിയാണ് |
| 73. | | *Ipomoea hederifolia* L. | വള്ളിച്ചെടിയാണ് |
| 74. | കുറ്റിത്താളി | *Ipomoea obscura* (L.) Ker-Gawl. | ഔഷധ ഗുണമുണ്ട്, താളിയായി ഉപയോഗിക്കുന്നു |
| 75. | ജാക്രാന്ത | *Jacaranda mimosifolia* D. | മരമാണ് |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 76. | കാട്ടുമുല്ല | *Jasminum coarctatum* Roxb. | വള്ളിച്ചെടി, പൂക്കളുണ്ടാകും |
| 77. | | *Jasminum ritchiei* Clarke in Hook. | വള്ളിച്ചെടി, |
| 78. | വെള്ളചടച്ചി | *Kydia calycina* Roxb., Pl. | വിറകിന് ഉപയോഗിക്കുന്നു. |
| 79. | വെണ്ടേക്ക് | *Lagerstroemia microcarpa* Wight, Ic. | വീടിന്റെ ജനൽ, കട്ടിള എന്നിവയ്ക്ക് ഉപയോഗിക്കുന്നു. ഇത് വലിയ വൃക്ഷമായി വളരുന്നു. നല്ല വിലവരുന്ന മരമാണ്. ഫർണ്ണിച്ചറിന് നല്ല ഉറപ്പും ഭംഗിയും ലഭിക്കും |
| 80. | കരയം | *Lannea coromandelica* (Houtt.) Merr. | തൊഴുത്തിന്റെ തറയിൽ തോല് നിരത്തിയിട്ട് ഇതിന്റെ മേലെ കാലികളെ നിർത്തിയാൽ കുളമ്പുരോഗം വരികയില്ല |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 81. | അരിപ്പൂ | *Lantana camara* L., Sp. Pl. | കാട്ടുപ്രദേശങ്ങളിലും നാട്ടുപ്രദേശങ്ങളിലും ധാരാളമായി കണ്ടുവരുന്നു. തളിരില മുറിവിൽ പിഴിഞ്ഞു വെച്ചാൽ പെട്ടെന്നുണങ്ങും |
| 82. | ചൊറിയാണം | *Laportea interrupta* (L.) Chew, Gard. | ഇല ഉപ്പേരി വെച്ച് കഴിക്കാം. ഇതിന്റെ ഇലയിട്ട് ഉരച്ചാൽ ചെമ്പ് പാത്രം നല്ല നിറം ഉണ്ടാകും |
| 83. | വെട്ടിത്താളി | *Litsea coriacea* (Heyne ex Meisner) Hook. | മരമാണ്, |
| 84. | കാട്ടുപുകയില | *Lobelia nicotianifolia* Roth ex Roem. | ജൈവകൃഷിയിൽ കീടനാശിനിയായി ഉപയോഗിക്കുന്നു |
| 85. | വട്ടക്കണ്ണി | *Macaranga peltata* (Roxb.) Muell. | പടർന്ന് പന്തലിക്കുന്ന മരം, വട്ടത്തിലുള്ള ഇലയാണ് |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 86. | സിന്ദൂരം | *Mallotus philippensis* (Lam.) Muell.-Arg., Linnaea | മഴുകൈ തൂമ്പാകൈ എന്നി വയ്ക്ക് ഉത്തമം, നല്ല വിറ കാണ് |
| 87. | വട്ടപെരുക് | *Mallotus tetracoccus* (Roxb.) Kurz, J. | ഉറപ്പു കുറഞ്ഞ മരം |
| 88. | മാവ് | *Mangifera indica* L. | പഴമായും ജ്യൂസായും ഉപയോ ഗിക്കുന്നു. അച്ചാറിടാം. കറി വെക്കുവാനും ഉപയോഗി ക്കുന്നു |
| 89. | കമ്പിളി | *Melicope lunu-ankenda* (Gaertn.) Hartley | തീപ്പെട്ടി കമ്പ് നിർമ്മിക്കാൻ തടി ഉപയോഗിക്കുന്നു. |
| 90. | വയറ | *Merremia umbellata* (L.) Hall. | വള്ളിച്ചെടിയാണ് |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 91. | മഞ്ഞവയറവള്ളി | *Merremia vitifolia* (Burm. f.) Hall. | വള്ളിച്ചെടിയാണ് |
| 92. | ആനത്തൊട്ടാവാടി | *Mimosa diplotricha* C. | കളച്ചെടിയാണ്. |
| 93. | തൊട്ടാവാടി | *Mimosa pudica* L. | കളച്ചെടിയാണ്. ഔഷധഗുണമുണ്ട്. |
| 94. | ഇലഞ്ഞി | *Mimusops elengi* L. | ഫർണ്ണിച്ചർ ആവശ്യത്തിന് ഉപ യോഗിക്കുന്നു ഇതിൻറെ പൂവിന് മണമുള്ളതാണ് |
| 95. | മുക്കാപേരം | *Mukia maderaspatana* (L.) Roem. | വള്ളിച്ചെടിയാണ് |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 96. | വെള്ളിലം | *Mussaenda frondosa* L. | ഇല താളിയായി ഉപയോഗിക്കുന്നു. |
| 97. | എരിവള്ളി | *Naravelia zeylanica* (L.) DC., Syst. Nat. | എരുവള്ളി കടിച്ചു പിടിച്ചാൽ പല്ലുവേദനയ്ക്ക് ശമനം കിട്ടും. |
| 98. | അരളി | *Nerium oleander* L. | അലങ്കാര സസ്യമാണ് |
| 99. | വെള്ളിടല | *Olea dioica* Roxb., Fl. Ind. | വിറകിനായി ഉപയോഗിക്കുന്നു |
| 100. | | *Osbeckia aspera* (L.) Blume, Bijdr. | |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 101. | തഴകൈത | *Pandanus canaranus* Warb. | പുഴയോരങ്ങളിലും ചതുപ്പുക ളിലും നല്ല നീർവാർച്ചയുള്ളി ടത്തും വളരുന്ന മുള്ളോടു കൂടിയ ചെടി. |
| 102. | കോൺഗ്രസ്സ് പച്ച | *Parthenium hysterophorus* L. | മനുഷ്യനും മറ്റ് ചെടികൾക്കും ദോഷകരമാണ് |
| 103. | വെണ്ണപ്പഴം | *Persea americana* Mill. | സ്വാദിഷ്ടമായ പഴം ഉണ്ടാകുന്നു. ജ്യൂസ് ഉപയോഗി ക്കുന്നു |
| 104. | കുളിർമാവ് | *Persea macrantha* (Nees) Kosterm., Reinwardtia | കുളിർമാവിന്റെ തൊലി കൊഴുപ്പ് ഉണ്ടാക്കാൻ ഉപയോ ഗിക്കുന്നു |
| 105. | ഒടുതൻ | *Persicaria chinensis* (L.) Gross. | |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 106. | കീഴാർനെല്ലി | *Phyllanthus amarus* Schum. | കീഴാർനെല്ലി, മഞ്ഞൾ, നല്ല ജീരകം, കുടകന്റെയില അരച്ച് പാലിൽ ചേർത്ത് വെറും വയറ്റിൽ കഴിച്ചാൽ മഞ്ഞപിത്തത്തിന് ഉത്തമം |
| 107. | നെല്ലി | *Phyllanthus emblica* L. | അച്ചാറിടാൻ ഉപയോഗിക്കുന്നു. തടിക്ക് കലങ്ങിയ വെള്ളം തെളിയിക്കാൻ കഴിയും അതുകൊണ്ട് നെല്ലിപ്പലക കിണറ്റിൽ ഇടുന്നു. |
| 108. | | *Phyllanthus myrtifolius* Moon, Cat. | |
| 109. | പേര | *Psidium guajava* L. | പേരക്ക ഭക്ഷ്യയോഗ്യമാണ് |
| 110. | മലയൂരം | *Pterospermum reticulatum* Wight & Arn. | |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 111. | മഞ്ചെട്ടി | *Rubia cordifolia* L., Syst. Nat | ഇത് ഔഷധമാണ്. ഇതിന്റെ വേരും തൊലിയും എണ്ണ കാച്ചാൻ ഉപയോഗിക്കുന്നു |
| 112. | വഞ്ചി | *Salix tetrasperma* Roxb. | |
| 113. | കല്ലുരുക്കി | *Scoparia dulcis* L. | മൂത്രാശയ രോഗങ്ങൾക്ക് കല്ലു രുക്കി നല്ലതാണ്. കിഡ്നിയിലെ കല്ല് ഉരുക്കികളയുന്നു. ഇല അരച്ച് വെള്ളം ചേർത്ത് രണ്ടുനേരം വീതം കുടിച്ചാൽ മതി. |
| 114. | ഗോൾഡൻ ഷവർ | *Senna spectabilis* (DC.) H. | കളസസ്യമാണ് |
| 115. | തകര | *Senna tora* (L.) Roxb. | ഉപ്പേരി വെക്കാൻ തളിരില ഉപയോഗിക്കുന്നു |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 116. | കുറുന്തോട്ടി | *Sida acuta* Burm. | ഔഷധമാണ് |
| 117. | വെള്ളൂരം | *Sida cordifolia L.* | കുറ്റിച്ചെടിയാണ് |
| 118. | വൻകുറുന്തോട്ടി | *Sida rhombifolia L.* | കുറ്റിച്ചെടിയാണ് |
| 119. | മണിത്തക്കാളി | *Solanum americanum* Mill. | ഔഷധമാണ്. പഴം ഭക്ഷ്യയോഗ്യമാണ്. ഇല ഉപ്പേരി വെക്കാം |
| 120. | ചുണ്ട | *Solanum torvum* Sw. | വടുകുണ്ടാക്കാൻ കായ ഉപയോഗിക്കുന്നു. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 121. | പുത്തരിച്ചുണ്ട | *Solanum violaceum* Ortega, Nov. | വേര് ഔഷധമാണ് |
| 122. | തണ്ണീർക്കൈമരം | *Spathodea campanulata* P. | മരമാണ് |
| 123. | വേനപ്പച്ച | *Spilanthes radicans* Jacq. | ഓഷധിയാണ് |
| 124. | കാട്ടമ്പഴം | *Spondias pinnata* (L. f.) Kurz, Prelim | തടിക്ക് ഉറപ്പു തീരെക്കുറവാണ്, |
| 125. | ശീമകൊങ്ങിണി | *Stachytarpheta jamaicensis* (L.) Vahl, Enum. | കുറ്റിച്ചെടി |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
| --- | --- | --- | --- |
| 126. | പാതിരി | *Stereospermum colais* (Buch. | ഔഷധമായും, ഫർണ്ണിച്ചറുകൾ ഉണ്ടാക്കാനും ഉപയോഗിക്കുന്നു |
| 127. | മഹാഗണി | *Swietenia macrophylla* King in Hook. | ഫർണ്ണിച്ചറുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു |
| 128. | മുടിയൻ പച്ച | *Synedrella nodiflora* (L.) Gaertn. | ഓഷധിയാണ് |
| 129. | ഞാവൽ | *Syzygium cumini* (L.) Skeels, U. S. DA | ഇതിന്റെ തൊലി, ഇല, പഴം ഔഷധമാണ്. |
| 130. | കിങ്ങിണി പാല | *Tabernaemontana alternifolia* L., Sp. Pl. | ശരീരത്തിൽ മുള്ളുകുത്തിയാൽ ഇതിന്റെ പാല് ഒഴിച്ചാൽ മുള്ള് തെറിച്ച് പോകുന്നു |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 131. | നീർമരുത് | *Terminalia cuneata* Roth, Nov. | നീർമരുതിന്റെ ഇല വയറുവേദ നയ്ക്ക് ഉപയോഗിക്കുന്നു. തൊലി കൊണ്ടുള്ള കഷായം വ്രണം കഴുകാൻ ഉപയോഗി ക്കുന്നു |
| 132. | ചെക്കാനംപുള്ള് | *Themeda triandra* Forssk. | ഓഷധിയാണ് |
| 133. | ആമതാളി | *Trema orientalis* (L.) Blume, Mus. | മരമാണ് |
| 134. | കീരൻതിന്നികിൽ | *Trichilia connaroides* (Wight & Arn.) Bentv. | മരമാണ് |
| 135. | എരുമച്ചപ്പ് | *Triumfetta pilosa* Roth, Nov. | കുറ്റിച്ചെടിയായി വളരുന്നു. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 136. | ഊരം | *Urena lobata* L., Sp. | കുറ്റിച്ചെടിയായി വളരുന്നു. ഔഷധമാണ്. |
| 137. | പൂവാംകുറുന്നൽ | *Vernonia cinerea* (L.) Less. | ഓഷധിയായി വളരുന്നു. നേത്രൗഷധമാണ്. |
| 138. | കാട്ടുപയർ | *Vigna vexillata* (L.) A. | പയർ വർഗ്ഗ വള്ളിച്ചെടി |
| 139. | | *Zehneria maysorensis* (Wight & Arn.) Arn. | വള്ളിച്ചെടിയാണ് |

# ശലഭ വൈവിധ്യം

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 1. | ഗരുഡശലഭം | *Troides minos* | നല്ല വലുപ്പമുള്ള ചിത്രശലഭം, പറന്നുപോകുമ്പോൾ പെട്ടന്ന് ഒരുപക്ഷിയാണോയെന്ന് സംശയം തോന്നും. |
| 2. | കൃഷ്ണശലഭം | *Papilio polymnestor* | നല്ല വലുപ്പമുള്ള ശലഭം. കറുത്തശരീരത്തിൽ എടുത്തുകാണിക്കുന്ന ആകാശ നീലിമ. |
| 3. | ചുട്ടിക്കറുപ്പൻ | *Papilio helenus Papilio* | നല്ല വലുപ്പമുള്ള ശലഭം. ചിറകിലാകെ കറുത്ത നിറം, പിൻചിറകിനു നടുവിലായി ഒരു വെളുത്തപ്പൊട്ട്. |
| 4. | ചുട്ടിമയൂരി | *Papilio paris* | നല്ല വലുപ്പമുള്ള ശലഭം, ചിറകും ശരീരവുമാകെ കറുപ്പുനിറം, പിൻ ചിറകിനു നടുവിലായി ഒരു നീലപ്പൊട്ട്, ഇതിന് മയിൽപ്പീലിയിലെ നീലനിറമായിരിക്കും. |
| 5. | നീലക്കുടുക്ക | *Graphium sarpedon* | ചിറകിനു കുറുകെ ഒരു നീലബാൻഡ് ഉള്ള ശലഭം, ഇടത്തരം വലിപ്പം വേഗത്തിൽ പറക്കുന്ന ശീലം. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
| --- | --- | --- | --- |
| 6. | നാരകക്കാളി | *Papilio polytes* | ആൺ ശലഭത്തിന് ആകപ്പാടെ കറുത്തനിറവും അതിൽ വെളുത്ത പുള്ളികളും, പെൺ ശലഭം മറ്റുചില ശലഭങ്ങളുടെ നിറം അനുകരിക്കുന്നു. |
| 7. | നീലക്കടുവ | *Tirumala septentrionis* | ചിറകുകളും ശരീരവും നിറയെ കറുപ്പും കടും നീല പ്പുള്ളികളും, വലിയ കൂട്ടങ്ങളായി സഞ്ചരിക്കാറുണ്ട്. |
| 8. | അരളിശലഭം | *Euploea core* | ചിറകുകളും ശരീരവും ആകെ മങ്ങിയ കറുപ്പുനിറം ചിറകിനരികിലൂടെ വെളുത്ത പുള്ളികളുടെ ഒരു നിരയുണ്ട്. വലിയ എണ്ണത്തെ ഒന്നിച്ചു കാണാറുണ്ട്. |
| 9. | വൻചൊട്ടശലഭം | *Hypolimnas bolina* | ആൺ ശലഭത്തിന് കറുത്ത ചിറകുകളുടെ ഉള്ളിലായി ഇളം നീല നിറത്തിലുള്ള മുട്ട ആകൃതിയിലുള്ള പൊട്ടുകളുണ്ട്. പെൺശലഭങ്ങൾ നിറത്തിൽ അരളിശലഭങ്ങളെ പ്പോലെയിരിക്കും. |
| 10. | ചൊട്ടശലഭം | *Hypolimnas misippus* | ആൺ ശലഭങ്ങൾ നിറത്തിൽ അകം കറുപ്പിൽ വെളുത്ത പൊട്ടുകൾ, പുറം ഓറഞ്ചിന്റെയും ബ്രൗണിന്റെയും ചേരുവ. പെൺ ശലഭങ്ങൾ നിറത്തിൽ വരയൻ കടുവകളെയും എരുക്കുത്തപ്പികളെയും പോലിരിക്കും. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 11. | തകരമുത്തി | *Catopsilia pomona* | മങ്ങിയ മഞ്ഞനിറമോ വിളറിയ വെള്ള നിറമോ ഉള്ള ശലഭം. ഒറ്റപ്പെട്ടും കൂട്ടങ്ങളായും കാണാറുണ്ട്. |
| 12. | ചോക്കലറ്റ് ശലഭം | *Junonia iphita* | ശരീരവും ചിറകുകളും ചോക്ലേറ്റ്നിറത്തിൽ കാണപ്പെടുന്ന ശലഭം. |
| 13. | വയൽക്കോത | *Junonia atlites* | ചിറകുകളിലാകെ ചാരനിറമുള്ള ശലഭം. നിറയെ വരകളും കുറികളുമുണ്ടാവും. ഇടത്തരം വലുപ്പം. |
| 14. | മഞ്ഞപ്പാപ്പാത്തി | *Eurema hecabe* | നല്ല മഞ്ഞ നിറത്തിൽ താണു പറക്കുന്ന ശലഭം, ഒരുപാടു ദൂരത്തിൽ പറക്കാതെ സ്വന്തം സ്ഥലത്ത് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും |
| 15. | പയർനീലി | *Euchrysops cnejus* | കാഴ്ചയിൽ പൊട്ടുവാലാട്ടിയെ പോലെ, അല്പം കൂടി ചെറുതായിരിക്കും. |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 16. | വയങ്കതൻ | *Cupha erymanthis* | മഞ്ഞയും, മങ്ങിയ തവിട്ടു നിറവും ചിറകിൽ കാണാം. എല്ലാ കാലത്തും ഉണ്ടാവും. |
| 17. | മരോട്ടി ശലഭം | *Cirrochroa thais* | നല്ല ഓറഞ്ച് നിറമുള്ള ശലഭം, ചിറകുകളുടെ മധ്യത്തിലായി ഒരു വെളുത്ത പുള്ളി ചിലപ്പോൾ തെളിഞ്ഞും ചിലപ്പോൾ മങ്ങിയും കാണാം. |
| 18. | ശരശലഭം | *Borbo cinnara* | ചാരനിറത്തിലുള്ള ചെറുശലഭം, ഇത് സ്കിപ്പർ വിഭാഗത്തിൽ പ്പെടുന്നതാണ്. ചിറകുകളിൽ മങ്ങിയ വെള്ള പുള്ളികളുണ്ട്. |
| 19. | ചെങ്കുറുമ്പൻ | *Iambrix salsala* | ഇരുണ്ട ബ്രൗൺ നിറത്തിലുള്ള ശലഭം, ചിറകിൽ ചിലകാലങ്ങളിൽ ഒന്നുരണ്ട് നേർത്ത വെളുത്ത പൊട്ടുകൾ കാണാൻ കഴിയും. ഇതും സ്കിപ്പർ വിഭാഗത്തിൽ പ്പെടുന്ന ശലഭമാണ്. |
| 20. | തവിടൻ | *Mycalesis perseus* | ആകപ്പാടെ തവിട്ടുനിറത്തിൽ കാണപ്പെടുന്ന ചെറുശലഭം, ചിറകിൽ കുത്തനെ ഒരു മങ്ങിയ ഒരു വരയും അതിനോടുചേർന്ന് കണ്ണുകൾ പോലുള്ള അടയാളങ്ങളുടെ ഒരു നിരയും ഉണ്ടായിരിക്കും. |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 21. | കറുപ്പൻ | *Orsotrianea medus* | നല്ല കറുപ്പുനിറം, ചിറകിൽ കുത്തനെ വെളുത്ത നിറത്തിൽ കാണുന്ന വര എല്ലായ്പ്പോഴും തെളിഞ്ഞ് കാണാം. |
| 22. | നാൽക്കണ്ണി | *Ypthima huebneri* | ചാരനിറത്തിൽ മങ്ങിയ വരകളും കുറികളും, മുകളിലെ ചിറകിൽ ഒരു വലിയ കൺ രൂപം, പിൻ ചിറകുകളിൽ ചെറിയ നാല് കണ്ണടയാളങ്ങളും ഉണ്ട്. ചെറുശലഭം. |
| 23. | പഞ്ചനേത്രി | *Ypthima baldus* | ചാരനിറത്തിൽ മങ്ങിയ വരകളും കുറികളും, മുകളിലെ ചിറകിൽ ഒരുവലിയ കൺ രൂപവും, പിൻചിറകുകളിൽ ചെറിയ അഞ്ച് കണ്ണടയാളങ്ങളും ഉണ്ട്. |

# പക്ഷി വൈവിധ്യം

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 1. | കോഴിവേഴാമ്പൽ<br>Malabar grey hornbill | *Ocyceros griseus (Latham, 1790)* | നമ്മുടെ കാടുകളിൽ കാണപ്പെടുന്ന ഏറ്റവും ചെറിയതരം വേഴാമ്പൽ. ആകെ ചാരനിറം കൊക്കിന് മഞ്ഞയും ഓറഞ്ചും കലർന്ന നിറം. |
| 2. | കാലിമുണ്ടി<br>Cattle egeret | *Bubulcus ibis (Linnaeus, 1758)* | വലിപ്പം കുറഞ്ഞ ഇനം വെള്ളരി കൊക്ക്. കൊക്കിന് എല്ലാകാലത്തും മഞ്ഞനിറം. |
| 3. | കുളകൊക്ക്<br>Indian pond heron | *Ardeola grayii (Sykes, 1832)* | ചെറിയ ഇനം കൊക്ക്. ഇരിക്കുമ്പോൾ ആകെ തവിടൻ നിറമായിരിക്കും. പറക്കുമ്പോൾ ഭൂരിഭാഗവും വെള്ള. |
| 4. | താലിക്കുരുവി<br>Grey breasted prinia | *Prinia hodgsonii Blyth, 1844* | കതിർവാലൻകുരുവിയെക്കാൾ അല്പം നീളക്കുറവ്, മാറത്ത് ഒരു മാലയിട്ടതുപേലെ മങ്ങിയ കറുപ്പ് നിറം. |
| 5. | മഞ്ഞത്തേൻകിളി<br>Purple rumped sunbird | *Leptocoma zeylonica (Linnaeus, 1766)* | ആൺ പക്ഷിക്ക് നല്ല തിളക്കമുള്ള കാപ്പികളർ, മാറത്തും വയറിലുംമഞ്ഞ നിറം. ഒരുതുന്നാരനോളം ചെറുത്. പെൺ പക്ഷിക്ക് ആകെപ്പാടെ ചാരനിറം, മുന്നിലെ മഞ്ഞനിറം കാണാം. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 6. | കറുപ്പൻതേൻകിളി<br>Purple sunbird | *Cinnyris asiatica (Latham, 1790)* | ആൺകിളിക്ക് ശരീരമാസകലം നല്ല തിളങ്ങുന്ന കറുപ്പുനിറം. പെണ്ണിന് കടുത്ത നിറങ്ങളൊന്നുമില്ല, നീളമുള്ള നേരിയ കൊക്ക്. |
| 7. | ചെറുതേൻകിളി<br>Crimson backed sunbird | *Leptocoma minima (Sykes, 1832)* | ആണിന് മാറത്തും വയറ്റത്തും മഞ്ഞ നിറം പുറവും തലയുമെല്ലാം വയലറ്റ്, കാപ്പികളർ, നീല എന്നിവയുടെ തിളങ്ങുന്ന മിശ്രണം. പെണ്ണിന് വർണ്ണഭംഗി കുറവാണ്. |
| 8. | തേൻകിളിമാടൻ<br>Little spider hunter | *Arachnothera longirostra (Latham, 1790)* | ചാരനിറത്തിൽ നേരിയ പച്ചയും മഞ്ഞയുമൊക്കെ കലർന്നിരിക്കും, കൊക്കിന് വളരെയധികം നീളമുണ്ട്. ആണിനും പെണ്ണിനും പ്രകടമായ നിറവ്യത്യാസങ്ങളില്ല. |
| 9. | തുന്നാരൻ<br>Common tailorbird | *Orthotomus sutorius (Pennant, 1769)* | ചാരനിറത്തിൽ ഇളം പച്ച കലർന്ന ശരീരം മുൻഭാഗത്തിന് വെളുപ്പുരാശി കൂടുതൽ, തലയ്ക്ക് മുകളിലായി ചുവപ്പുനിറം. |
| 10. | ഇരട്ടതലച്ചി<br>Red whiskered bulbul | *Pycnonotus jocosus (Linnaeus, 1758)* | തലയിൽ തൂവലുകൾ ഉയർന്നു നിൽക്കുന്ന ചെറിയ പക്ഷി, ചെറിയപഴങ്ങളും, വിത്തുകളും, പ്രാണികളുമെല്ലാമാണ് ഭക്ഷണം. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 11. | നാട്ടുബുൾബുൾ<br>Red vented bulbul | *Pycnonotus cafer (Linnaeus, 1766)* | തലയിൽ ചെറിയ ശിഖയുണ്ട്, വലിപ്പം കുറവാണ്, പഴങ്ങളും, വിത്തുകളും, പ്രാണികളെയും ആഹരിക്കുന്നു. |
| 12. | മഞ്ഞച്ചിന്നൻ ബുൾബുൾ<br>Yellow browed bulbul | *Acritillas indica (Jerdon, 1839)* | ഇരട്ട തലച്ചിയോളം വലിപ്പം, മഞ്ഞയിൽ നേരിയ പച്ച കലർന്ന നിറം. മറ്റ് ബുൾ ബുളുകളെപ്പോലെ തലയിൽ തൂവൽ ഉയർന്ന് കാണില്ല. |
| 13. | പൂന്തത്ത<br>Plum headed parakeet | *Psittacula cyanocephala (Linnaeus, 1766)* | ആൺ പക്ഷിയുടെ തല ചുവപ്പ്, പെൺ പക്ഷിയുടേത് ചാരനിറം. ബാക്കി ശരീരമാകെ പച്ചയായിരിക്കും. |
| 14. | നീലത്തത്ത<br>Malabar parakeet | *Psittacula columboides (Vigors, 1830)* | ആകെ പച്ച നിറമുള്ളശരീരം. നല്ല നീളമുള്ള വാലിലെ രണ്ട് തൂവലുകൾക്ക് മഞ്ഞ നിറം കലർന്നിരിക്കും. ചിറകുകളിൽ നീലനിറം കലർന്നിരിക്കും. |
| 15. | തത്തച്ചിന്നൻ<br>Vernal hanging parrot | *Loriculus vernalis (Sparrman, 1787)* | ശരീരം മുഴുവൻ നല്ല മരതക പച്ച, പുറത്ത് വാലിനു മുകളിലായി കടും ചുവപ്പ് നിറം കൊക്കിന് ഓറഞ്ച് നിറം, നീളമില്ലാത്ത വാൽ, ആകെക്കൂടെ ഒരു കൂള്ളൻ തത്തയെ പോലിരിക്കും. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 16. | വെള്ളിക്കണ്ണിക്കുരുവി<br>Oriental white-eye | *Zosterops palpebrosus (Temminck, 1824)* | വളരെ ചെറിയ പക്ഷി. മഞ്ഞ കലർന്ന പച്ച നിറം. കണ്ണിനുചുറ്റും വെളുത്ത, വെള്ളിനിറത്തിലുള്ള വളയം. |
| 17. | തീക്കുരുവി<br>Orenge minivet | *Pericrocotus flammeus (Forster, 1781)* | ചെറിയ കൂട്ടമായി സഞ്ചരിക്കുന്ന പക്ഷികൾ, ആൺ പക്ഷി ചുവപ്പും, പെൺപക്ഷി മഞ്ഞയും നിറത്തിൽ കാണപ്പെടുന്നു. |
| 18. | മഞ്ഞക്കിളി<br>Indian oriol | *Oriolus kundoo (Linnaeus, 1758)* | മിക്കപ്പോഴും ഒറ്റയ്ക്കും ചിലപ്പോൾ ജോഡിയായും കാണപ്പെടുന്നു. നല്ല തിളങ്ങുന്ന മഞ്ഞനിറം, ഒരുമൈനയോളം വലുപ്പം. |
| 19. | ചാരക്കുട്ടൻ ഷ്രൈക്ക്<br>Long tailed Shrike | *Lanius schach Linnaeus, 1758* | ദേഹത്തിന് ആകപ്പാടെ മങ്ങിയ ഓറഞ്ച് നിറം. നീല കലർന്ന ചാരനിറം ചിറകിന്റെ അരികിലും മറ്റും, ഒരു ബുൾ ബുളിനേക്കാൾ വലുത്, വാലിന് നല്ല നീളമുണ്ട്. |
| 20. | ബലിക്കാക്ക<br>Jungle crow | *Corvus macrorhynchos Wagler, 1827* | ശരീരം മുഴുവനും നല്ല കറുപ്പുനിറം, വലിപ്പം കൂടിയ കൊക്ക്. ശരീരത്തിനും വലിപ്പകൂടുതൽ. |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 21. | കാവതികാക്ക<br>House crow | *Corvus splendens Vieillot, 1817* | കഴുത്തിന് ചാര നിറമുള്ള ഇനം കാക്ക, മനുഷ്യവാസമുളളിടത്തൊക്കെ കാണാൻ കഴിയും. |
| 22. | ഉപ്പൻ, ചെമ്പോത്ത്<br>Southern coucal | *Centropus sinensis (Stephens, 1815)* | ഒരു കാക്കയെക്കാൾ ചെറിയ ശരീരം, വാലിന്റെ വലിപ്പം കാരണം കാണുമ്പോൾ കാക്കയുടെ വലുപ്പം തോന്നും. നിറം കറുപ്പും ചെമ്പനും, കണ്ണുകൾക്ക് നല്ല ചുവപ്പ്. |
| 23. | വണ്ണാത്തിപ്പുള്ള്<br>Magpie robin | *Copsychus saularis (Linnaeus, 1758)* | വീട്ട് വളപ്പിൽ സാധാരണയായി കണ്ട് വരുന്ന ചെറു പക്ഷി. നിറം കറുപ്പും വെളുപ്പും മാത്രം. |
| 24. | കിന്നരിമൈന<br>Jungle myna | *Acridotheres fuscus (Wagler, 1827)* | കാഴ്ചയ്ക്ക് നാട്ടുമൈനയെപ്പോലെതന്നെ, കണ്ണിനുചുറ്റുമുള്ള മഞ്ഞനിറമില്ല. കൊക്കിന്റെ തുടക്കത്തിലായി തൂവലുകൾ ഉയർന്നുനിൽക്കുന്ന ഒരുഭാഗമുണ്ട്. |
| 25. | ചാരതലക്കാളി<br>Chestnut tailed starling | *Sturnus malabaricus (Gmelin, 1789)* | മൈനവർഗ്ഗത്തിൽപ്പെട്ട ഈ പക്ഷികൾ സാധാരണ മൈനകളേക്കാൾ ചെറുതാണ്. വിളറിയ ചാരനിറത്തിൽ ചെമ്പൻ നിറം കലർന്ന രൂപം. കൂട്ടമായി സഞ്ചരിക്കുന്നു. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 26. | ഗരുഡൻ ചാരക്കാളി<br>Blyths starling | *Sturnus malabaricus blythii (Jerdon)* | മൈനവർഗ്ഗത്തിൽപ്പെട്ട ഈ പക്ഷികൾ സാധാരണ മൈനകളേക്കാൾ ചെറുതാണ്. ചെമ്പുകലർന്ന ചാരനിറം കഴുത്തും തലയും മങ്ങിയ വെളുപ്പുനിറം. |
| 27. | ചെന്തലയൻ വേലിത്തത്ത<br>Chestnut headed bee-eater | *Merops leschenaulti Vieillot, 1817* | നാട്ടുവേലിതത്തയെ ക്കാൾ അല്പം കൂടി വലുത്, ഇളം പച്ച നിറം, തലയും കഴുത്തുമെല്ലാം വരുന്ന ഭാഗങ്ങൾക്ക് നല്ല ചുവപ്പ് നിറം. കമ്പിവാൽ ഉണ്ടാവുകയില്ല. |
| 28. | ചൂളക്കാക്ക<br>Malabar wistling thrush | *Myiophonus horsfieldii (Vigors, 1831)* | നല്ല കറുപ്പുനിറം വെയിൽ തട്ടിയാൽ മാത്രം, നീലനിറത്തിൽ തിളങ്ങുന്ന ശരീരം. ഒരു അരിപ്രാവിനോളം വലുപ്പം. കാട്ടുചോലകൾക്കടുത്ത് സദാ കാണപ്പെടും. |
| 29. | അയോറ<br>Common iora | *Aegithina tiphia (Linnaeus, 1758)* | മഞ്ഞയും കറുപ്പും നിറത്തിലുള്ള ചെറുപക്ഷി. ഒരു അങ്ങാടി കുരുവിയോളം വലിപ്പം. പെൺപക്ഷിക്ക് ഇതേനിറങ്ങൾ, അൽപ്പം മങ്ങിയിരിക്കും. |
| 30. | കരിങ്കൊക്കൻ ഇത്തിൾക്കണ്ണിക്കുരുവി<br>Pale-billed flowerpecker | *Dicaeum concolor Jerdon, 1840* | വളരെച്ചെറിയപക്ഷി ഇത് നമ്മുടെ നാട്ടിലെ ഏറ്റവും ചെറിയ പക്ഷികളിൽ ഒന്നാണ്. ആകെ ചാരനിറമാണ് ദേഹത്തിന്. കൊക്ക് മാത്രം കറുത്ത നിറത്തിൽ കാണപ്പെടുന്നു. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 31. | ഗൗളിക്കിളി<br>Velvet fronted Nuthach | *Sitta frontalis Swainson, 1820* | നീലയും വയലറ്റും കലർന്ന നിറം, മുൻ ഭാഗം മങ്ങിയ വെള്ളയോ, നരച്ച ചാരനിറമോ ആണ്, കൊക്ക് ചുവപ്പുനിറം. മരത്തടികളിലൂടെ നടക്കുന്നു. |
| 32. | ചെമ്പൻ മരംകൊത്തി<br>Rufus Woodpecker | *Celeus brachyurus (Vieillot, 1818)* | ചെമ്പനും തവിട്ടും കലർന്ന നിറത്തിൽ കറുത്ത വരകളും പുള്ളികളും. നാട്ടുമരം കൊത്തിയെക്കാൾ അൽപ്പം ചെറുത്. |
| 33. | മരകൊത്തിച്ചിന്നൻ<br>Speckled piculet | *Picumnus innominatus Burton, 1836* | ഒരു അങ്ങാടിക്കുരുവിയെക്കാൾ ചെറിയ മരകൊത്തി. തവിട്ടും പച്ചയും കലർന്ന നിറം. |
| 34. | ചിത്രാങ്കൻ മരംകൊത്തി<br>Heart spotted woodpecker | *Hemicircus canente (Lesson, 1830)* | ആകപ്പാടെ കറുപ്പുനിറമുള്ള ചെറിയ മരംകൊത്തി. ചിറകുകളിൽ ഹൃദയാകാരത്തിലുള്ള പുള്ളികളുണ്ട്. ശരീരം മൊത്തത്തിൽ ഉണ്ടയായി തോന്നും. |
| 35. | ചിന്നകുട്ടുറുവൻ<br>White cheeked barbet | *Megalaima viridis (Boddaert, 1783)* | നല്ല കടും പച്ചനിറം, കഴുത്തിനു മുകളിലേക്കും തലയ്ക്കും തവിട്ടു നിറം കണ്ണിനോട് ചേർന്ന് വെള്ള. ഒരു മൈനയുടെ വലുപ്പം. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 36. | ആൽക്കിളി<br>Malabar barbet | *Megalaima malabarica (Gmelin, 1788) Ocyceros griseus (Latham, 1790)* | കുട്ടുറുവന്റെ വർഗ്ഗത്തിൽപ്പെട്ട കാട്ടുപക്ഷി ശരീരത്തിന് പച്ച നിറം, തലയ്കും മുഖത്തിനും കടുംചുവപ്പ്. |
| 37. | വലിയ വാലുകുലുക്കി<br>White browed wagtail | *Motacilla maderaspatensis Gmelin, 1789* | കാഴ്ചയിൽ വണ്ണാത്തിപ്പുള്ളിനെപ്പോലെ തോന്നിക്കുന്ന പക്ഷി. അല്പം കൂടി മെലിഞ്ഞിരിക്കും. നിറം കറുപ്പും വെളുപ്പും മാത്രം, ഒരു വെളുത്തപുരികം. |
| 38. | അരിപ്രാവ്<br>Spotted dove | *Streptopelia chinensis (Scopoli, 1786)* | ചാരനിറത്തിൽ പുള്ളിക്കുത്തുകൾ നിറഞ്ഞശരീരം, കഴുത്തിൽ പുള്ളിക്കുത്തുകൾ കേന്ദ്രീകരിച്ചിരിക്കുന്നത് കാണാം. കാല് ചുവപ്പ് നിറം. |
| 39. | മരതകപ്രാവ്<br>Emerald dove | *Chalcophaps indica (Linnaeus, 1758)* | ചിറകുകളിൽ മരതകപച്ച നിറമുള്ള ചെറിയ ഇനം പ്രാവ്. അരിപ്രാവിനോളം വലുപ്പം. |
| 40. | അമ്പലപ്രാവ്<br>Common Pigoen | *Columba livia Gmelin, 1789* | ചാരവും നീലയും കലർന്ന നിറം, ദേഹത്ത് അവിടിവിടെ തിളങ്ങുന്ന നീല ത്തൂവലുകൾ കാണാം. കൂട്ടത്തിൽ വെള്ളനിറത്തിലുള്ള പ്രാവുകളെയും കാണാം. |

| ക്രമം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 41. | ഇരട്ടവാലൻ കിളി, കാടുമുഴക്കി Racket tailed drongo | *Dicrurus paradiseus (Linnaeus, 1766)* | കറുത്ത നിറം, വാലിൽനിന്നും കെട്ടിത്തൂക്കിയതു പോലെ തോന്നുന്ന രണ്ട് തൂവലുകൾ നീണ്ട് കിടക്കുന്നു. |
| 42. | ലളിതക്കാക്ക Fairy blue bird | *Dicrurus aeneus Vieillot, 1817* | കറുത്ത നിറം ഒരു ബുൾ ബുളിനേക്കാൾ വലുപ്പം, വെയിൽ തട്ടുമ്പോൾ ഇതിന്റെ പുറം നീലനിറത്തിൽ തിളങ്ങും. |
| 43. | കാക്കത്തമ്പുരാൻ Ashy drongo | *Dicrurus leucophaeus Vieillot, 1817* | മങ്ങിയ കറുപ്പുനിറം, കണ്ണുകൾക്ക് നല്ല ചുവപ്പുനിറം. നെടുകെ പിളർന്ന് രണ്ടായി അകന്ന് പോകുന്ന വാല്. |
| 44. | കരിയിലക്കിളി Jungle babler | *Turdoides striatus (Dumont, 1823)* | പത്തിനോടടുത്ത് എണ്ണമുള്ള ഗ്രൂപ്പുകളായി സഞ്ചരിക്കുന്നു. |
| 45. | നാകമോഹൻ Paradise flycatcher | *Terpsiphone paradisi (Linnaeus, 1758)* | ശരീരമാകെ തൂവെള്ള തല കറുപ്പ്, മുതിർന്ന ആൺപക്ഷിക്ക് വാലിൽനിന്നും നീളമുള്ള രണ്ട് തൂവലുകൾ നാടപോലെ നീണ്ട് കിടക്കുന്നുണ്ടാവും. പെണ്ണിന് വെള്ള നിറത്തിന്റെ സ്ഥാനത്ത് ചെമ്പൻ നിറം, വാലിൽ നീണ്ട തൂവലുകളില്ല. |

| ക്രനം | പ്രാദേശികനാമം | ശാസ്ത്രീയ നാമം | പ്രത്യേകതകൾ |
|---|---|---|---|
| 46. | മുത്തുപ്പിള്ള<br>Asian Brown flycatcher | *Muscicapa muttui (Layard, 1854)* | ശരീരമാകെ തവിട്ടുനിറം, കാലുകളും പാദങ്ങളും കറുപ്പു നിറത്തിലല്ല, ചുവപ്പിനോടടുത്ത നിറം. ഒരു അങ്ങാടിക്കുരുവിടെക്കാൾ ചെറുത്. |
| 47. | ചിത്രകൂടൻ ശരപ്പക്ഷി<br>India swiftlet | *Collocalia unicolor (Jerdon, 1840)* | എപ്പോഴും ആകാശത്തിൽ ചുറ്റിപ്പറക്കുന്ന ശരപ്പക്ഷി. ആകപ്പാടെ ചാരനിറമായിരിക്കും ശരീരത്തിന്. ഇവിടെ കാണപ്പെടുന്ന ശരപ്പക്ഷികളിൽ ഏറ്റവും ചെറുത്. |
| 48. | വെള്ളി എറിയൻ<br>Black winged kite | *Elanus caeruleus (Desfontaines, 1789)* | ശരീരത്തിൽ മിക്കവാറും വെള്ളയോ, മങ്ങിയ ചാരനിറമോ ആയിരിക്കും ചിറകുകളിൽ കുറച്ചുഭാഗം ഇരുണ്ടിരിക്കും. |
| 49. | പ്രാപ്പിടിയൻ<br>Shikra | *Accipiter badius (Gmelin, 1788)* | പുറമാകെ ചാരനിറം, മൻവശത്ത് തെളിഞ്ഞ മാറിൽ ഓറഞ്ച് നിറമുള്ള നേർത്ത വരകൾ. പെൺ പക്ഷി കുറച്ചുകൂടെ ഇരുണ്ടതാണ്. ഒരു പ്രാവിനോളം വലുപ്പം. |
| 50. | ആറ്റക്കറുപ്പൻ<br>White backed munia | *Lonchura striata (Linnaeus, 1766)* | കറുപ്പും വെളുപ്പും മാത്രമുള്ള ശരീരം, കൊക്ക് മറ്റ് ആറ്റക്കിളികളെ പ്പോലെ ത്രികോണാകൃതിയിലായിരിക്കും. |



കൃഷ്ണ ശലഭം



ചെങ്കുറുമ്പൻ



നാട്ടുകോമാളി



നാരകക്കാളി



പൊന്തച്ചുറ്റൻ



മഞ്ഞപ്പാപ്പാത്തി



ആൽബട്രോസ്



ഓക്കില ശലഭം



കരിനീലക്കടുവ



കരിയില ശലഭം



ചോക്ലേറ്റ് ശലഭം



തവിടൻ



നീലക്കടുവ



പൊട്ടുവാലാട്ടി



മയിൽക്കണ്ണി



ആട്ടക്കാരൻ



വണ്ണാത്തിപ്പുള്ള്



ഇത്തിൾകണ്ണി കുരുവി



ഇരട്ടത്തലച്ചി



നാട്ടുമൈന



കാലിമുണ്ടി



കുളക്കൊക്ക്



വെള്ളിക്കണ്ണിക്കുരുവി



ഉപ്പൻ


കുറിക്കണ്ണൻ കാട്ടുപുള്ള്


ചുറ്റീന്തൽക്കിളി


ചെറുമുണ്ടി


പുള്ളിച്ചിലപ്പൻ


കുളക്കോഴി


ചിന്നക്കുട്ടുറുവൻ


തീക്കുരുവി ആൺ


തീക്കുരുവി പെൺ